(ബി) കൃഷിഭവൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുവാദം നൽകുന്നതാണ്.

**116 (407) കൃഷി വകുപ്പിന്റെ കീഴിലുള്ള ഉപയോഗശൂന്യമായ കെട്ടിടം**

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല മണ്ഡലത്തിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള ഉപയോഗശൂന്യമായ കെട്ടിടം പ്രസ്തുത ഗ്രാമപഞ്ചായത്തിന് ആയുർവേദ ആശുപത്രി നടത്തുന്നതിന് ലഭ്യമാക്കണ മെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി ഏതുഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം ആയുർവേദ ആശുപത്രി നടത്താൻ ഗ്രാമ പഞ്ചായത്തിന് വിട്ടുകൊടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഈ കാര്യത്തിൽ പാലക്കാട് ജില്ലാ കൃഷി ആഫീസറുടെ റിപ്പോർട്ട് പ്രതീക്ഷിക്കുന്നു. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**117 (408) മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സ്**

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ൽ കൃഷി വകുപ്പിന് മുണ്ടേരി സീഡ് ഗാർഡൻ കോംപ്ല ക്സിനുവേണ്ടി 50 ഹെക്ടർ വനഭൂമി വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) അതിൽ എത്ര ഹെക്ടർ സ്ഥലം കൃഷി വകുപ്പ് സീഡ് ഗാർഡൻ കോംപ്ലക്സിനുവേണ്ടി ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്;

(സി) ബാക്കി എത്ര ഹെക്ടർ സ്ഥലം വനഭൂമിയായിത്തന്നെ നില നിൽക്കുന്നു;

(ഡി) ഈ ഭൂമിക്ക് കേന്ദ്ര സർക്കാരിന്റെ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ;

(ഇ) ബാക്കിയുള്ള വനഭൂമിയും സീഡ് ഗാർഡൻ കോംപ്ലക്സിനു വേണ്ടി ഉപയോഗിക്കാൻ സർക്കാരിന് പരിപാടിയുണ്ടോ;

(എഫ്)ഇല്ലെങ്കിൽ ഈ ഭൂമി വനംവകുപ്പിന് വിട്ടുകൊടുക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ?

ഉത്തരം

(എ) 19.9.1980-ലെ 2600/80/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 581.80 ഹെക്ടർ വനഭൂമി മുണ്ടേരിയിൽ ഒരു സീഡ് ഗാർഡൻ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി വിട്ടുകൊടുക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി)(സി)(ഡി)&(എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly